# ജീവിതയാത്ര

## Jeevitha Yatra

KRISHNAMURTI FOUNDATION INDIA | Septemer - December 2014 | RS.2/- VOL. 10 ISSUE 1

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**


## പരസ്പരബന്ധവും ഒറ്റപ്പെടലും

ജീവിതം അനുഭവമാണ് — പരസ്പരബന്ധങ്ങളിലൂടെയുള്ള അനുഭവം. ആർക്കും ഒറ്റതിരിഞ്ഞു ജീവിക്കാൻ കഴിയില്ല. അതിനാൽ ജീവിതം പരസ്പരബന്ധമാണ്, പരസ്പരബന്ധം പ്രവർത്തനമാണ്. ജീവിതമാകുന്ന പരസ്പരബന്ധത്തെപ്പറ്റി മനസ്സിലാക്കാനുള്ള കഴിവ് ഒരാൾക്ക് എങ്ങനെയാണ് ഉണ്ടാകുക? പരസ്പരബന്ധത്തിൽ ജനങ്ങളുമായുള്ള അടുപ്പംകൂടി ഉൾപ്പെടുന്നുണ്ട്. ഇല്ലേ? പരസ്പരബന്ധത്തിൽ ജനങ്ങളുമായുള്ള ബന്ധം മാത്രമല്ല വസ്തുക്കളും ജനങ്ങളോടും ആശയങ്ങളോടും ഉള്ള സമ്പർക്കത്തിലൂടെ പ്രകടമാകുന്ന പരസ്പരബന്ധമാണ് ജീവീതം. പരസ്പരബന്ധത്തെക്കുറിച്ചു മനസ്സിലാക്കിയാൽ ജീവിതത്തെ സമഗ്രമായും പര്യാപ്തമായും നേരിടാനുള്ള കഴിവു നമുക്കുണ്ടാകും. അതിനാൽ കഴിവല്ല, പരസ്പരബന്ധത്തെക്കുറിച്ച് മനസ്സിലാക്കലാണ് നമ്മുടെ പ്രശ്നം. (കഴിവ് പരസ്പരബന്ധത്തിൽ നിന്നു വേർപ്പെട്ടതല്ലല്ലോ.). ആ അറിവ് സ്വാഭാവികമായും പെട്ടെന്ന് ഇണങ്ങാനും വിട്ടുവീഴ്ച ചെയ്യാനും പ്രതികരിക്കാനും ഉള്ള കഴിവ് ഉളവാക്കും.

നിങ്ങൾക്ക് സ്വയം കണ്ടെത്താൻ കഴിയുന്ന കണ്ണാടിയാണ് പരസ്പരബന്ധം. പരസ്പരബന്ധമില്ലെങ്കിൽ നിങ്ങളില്ല; ജീവിച്ചിരിക്കുക എന്നാൽ പരസ്പരം ബന്ധപ്പെടുക എന്നാണർത്ഥം; പരസ്പരം ബന്ധപ്പെടലാണ് അസ്തിത്വം. പരസ്പരബന്ധത്തിൽ മാത്രമേ നിങ്ങൾക്ക് അസ്തിത്വമുള്ളു; അല്ലെങ്കിൽ നിങ്ങൾക്ക് നിലനില്പില്ല; നിലനില്പിന് അർത്ഥവുമില്ല. നിങ്ങൾ ബന്ധപ്പെട്ടിട്ടുള്ളതുകൊണ്ടാണ് നിങ്ങൾക്ക് അസ്തിത്വം കൈവന്നിട്ടുള്ളത്. പരസ്പരബന്ധത്തെക്കുറിച്ചുള്ള ധാരണയുടെ അഭാവമാണ് സംഘർഷത്തിനു കാരണം.

ഇപ്പോൾ പരസ്പരബന്ധത്തെക്കുറിച്ച്, നമുക്ക് ശരിയായ ധാരണയില്ല. കാരണം, നേട്ടങ്ങൾ വർദ്ധിപ്പിക്കാനും പരിവർത്തനം വിപുലമാക്കാനും വല്ലതും ആയിത്തീരാനുമുള്ള ഉപാധിയായിട്ട് മാത്രമാണ് നാം പരസ്പരബന്ധങ്ങളെ ഉപയോഗിക്കുന്നത്. പക്ഷേ, സ്വയം കണ്ടെത്താനുള്ള ഒരു മാർഗ്ഗമാണ് പരസ്പരബന്ധം; കാരണം പരസ്പരബന്ധമെന്നാൽ ജീവിച്ചിരിക്കലാണ്; അസ്തിത്വമാണ് അത്. എന്നെ മനസ്സിലാക്കണമെങ്കിൽ, പരസ്പരബന്ധം എന്താണെന്ന് ഞാൻ മനസ്സിലാക്കണം.



എനിക്ക് എന്നെത്തന്നെ കാണാൻ കഴിയുന്ന ഒരു കണ്ണാടിയാണ് പരസ്പരബന്ധം. ആ കണ്ണാടി വികലമായ പ്രതിഫലനം നല്കുന്നതാകാം; അല്ലെങ്കിൽ ഉള്ളത് അതേപടി കാണിച്ചു തരുന്ന ഒന്നാകാം. നമ്മിൽ മിക്കവരും പരസ്പരബന്ധമെന്ന ആ കണ്ണാടിയിൽ നാം കാണാൻ ഇഷ്ടപ്പെടുന്നതാണ് കാണുന്നത്; ഉള്ളതു കാണുന്നില്ല. ആദർശവത്ക്കരിക്കാനോ ഒഴിഞ്ഞു രക്ഷപ്പെടുവാനോ ആണ് നമുക്ക് കൂടുതൽ താത്പര്യം; തൊട്ടുമുമ്പിലുള്ള വർത്തമാനകാലത്തിലെ പരസ്പരബന്ധത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനേക്കാൾ ഭാവിയിൽ ജീവിക്കാനാണ് നമുക്ക് ഇഷ്ടം.

നമ്മുടെ ജീവിതത്തെക്കുറിച്ച്,

☞ 2

## ചിന്തകനും ചിന്തയും

നമ്മുടെ അനുഭവങ്ങളിലെല്ലാം എപ്പോഴും ഒരനുഭോക്താവ്, ഒരു നിരീക്ഷകൻ ഉണ്ടായിരിക്കും; അയാൾ ഒന്നുകിൽ കൂടുതൽ കൂടുതൽ സ്വരൂപിച്ചുവെയ്ക്കുന്നു, അല്ലെങ്കിൽ നിരസിക്കുന്നു. തെറ്റായ ഒരു നടപടിയല്ലേ അത്? സർഗ്ഗാത്മകത ഉളവാക്കാത്ത ഒരു ഉദ്യമമല്ലേ അത്? അതു തെറ്റായ നടപടിയാണെങ്കിൽ അതു പൂർണ്ണമായും തുടച്ചുകളയാനും മാറ്റിവെയ്ക്കാനും കഴിയുമോ? ചിന്തകൻ അനുഭവിക്കുന്നത് പോലെയല്ലാതെ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞാലേ അതു സാധ്യമാകൂ; തെറ്റായ നടപടിക്രമത്തെക്കുറിച്ച് ഞാൻ ബോധവാനാകുകയും ചിന്തകൻ ചിന്തയാകുന്ന ഒരവസ്ഥ മാത്രമേ ഉള്ളുവെന്നു ഞാൻ മനസ്സിലാക്കുകയും വേണം.

എനിക്ക് അനുഭവങ്ങൾ ഉണ്ടാകുന്നേടത്തോളം കാലം, ഞാൻ ആയിത്തീരുന്നേടത്തോളം കാലം, ഈ ദ്വന്ദ്വാത്മക പ്രവർത്തനം ഉണ്ടായിരിക്കും; ഉദ്ഗ്രഥനത്തിന് അവിടെ സ്ഥാനമുണ്ടാവില്ല; വ്യക്തി, സമൂഹം, രാഷ്ട്രം എന്നും മറ്റുമുള്ള അവസ്ഥയിൽ നിലനില്ക്കാനോ നിലനില്ക്കാതിരിക്കാനോ ഉള്ള ഇച്ഛാശക്തിയിലൂടെ പ്രവർത്തിക്കുന്ന ഒരു കേന്ദ്രം എപ്പോഴും ഉണ്ടായിരിക്കും. ലോകത്തെങ്ങും ഇതാണ് നടപടി. പ്രയത്നത്തെ അനുഭവമെന്നും അനുഭോക്താവെന്നും വേർതിരിക്കുമ്പോൾ അപചയം സംഭവിക്കുന്നു. ചിന്തകൻ നിരീക്ഷകനും നിരീക്ഷിതവസ്തുവും, അനുഭോക്താവും അനുഭവവും - ഇപ്പോൾ ഇങ്ങനെ വിഭിന്നമായ രണ്ടു നിലകൾ ഉണ്ടെന്ന് നമുക്കറിയാം. അവയെ യോജിപ്പിക്കാനാണ് നമ്മുടെ ശ്രമം.

പ്രവർത്തനേച്ഛ എപ്പോഴും ദ്വന്ദ്വാത്മകമായിരിക്കും. വിഭിന്നതയുളവാക്കുന്ന ഈ ഇച്ഛാശക്തിയെ മറികടക്കാനും ദ്വന്ദ്വാത്മകമായ പ്രവർത്തനം ഇല്ലാത്ത ഒരു സ്ഥിതി കണ്ടെത്താനും കഴിയുമോ? ചിന്തകൻ

☞ 3

# പരസ്പരബന്ധവും ഒറ്റപ്പെടലും

മറ്റൊരാളുമായി നമുക്കുള്ള ബന്ധത്തെക്കുറിച്ച് ചിന്തിച്ചാൽ അതു ഒറ്റപ്പെടലിന്റെ ഒരു പ്രക്രിയയാണെന്നു കാണാം. വാസ്തവത്തിൽ നമുക്ക് മറ്റുള്ളവരിൽ താത്പര്യമില്ല; അതേക്കുറിച്ചു ധാരാളം സംസാരിക്കുമെങ്കിലും യഥാർത്ഥത്തിൽ നമുക്ക് അതിൽ താത്പര്യമില്ല. ഒരു ബന്ധത്തിൽ നമുക്ക് സംതൃപ്തി ലഭിക്കുമെങ്കിൽ, മറ്റൊരാളുമായി നാം ബന്ധപ്പെടുകയുള്ളു. പക്ഷേ, നമുക്ക് അ സ്വാസ്ഥ്യകരമാം വിധം ആ ബന്ധം അലങ്കോലപ്പെട്ടാൽ ആ നിമിഷം നാം അതു ഉപേക്ഷിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നമുക്ക് സംതൃപ്തിപ്രദമായിരിക്കുന്നേടത്തോളംകാലം മാത്രമേ പരസ്പരബന്ധം നിലനില്ക്കുന്നുള്ളു. ഇതു നിർദ്ദയമായ ഒരു പ്രസ്താവനയാണെന്ന് തോന്നിയേക്കാം, എങ്കിലും നിങ്ങൾ നിങ്ങളുടെ ജീവിതം സൂക്ഷ്മമായി പരിശോധിച്ചാൽ ഇതു വാസ്തവമാണെന്ന് മനസ്സിലാകും. വസ്തുതയെ ഒഴിഞ്ഞുമാറുന്നതു അജ്ഞതയിൽ ജീവിക്കലാണ്; അത് ഒരിക്കലും ശരിയായ പരസ്പരബന്ധം ഉളവാക്കുകയില്ല. നമ്മുടെ ജീവിതത്തെ, നമ്മുടെ പരസ്പരബന്ധത്തെ നിരീക്ഷിച്ചാൽ, അതു അന്യനെതിരായി പ്രതിരോധം പടുത്തുയർത്തലാണെന്നു കാണാം. നാം അന്യനെതിരെ ഒരു മതിൽ കെട്ടുകയാണ്; എന്നിട്ട് അതിന്റെ മുകളിൽക്കൂടി അയാളെ നിരീക്ഷിക്കാൻ ശ്രമിക്കുന്നു. നാം എന്നും ആ മതിൽ നിലനിർത്തുകയും അതിന്റെ പിന്നിൽ നിലകൊള്ളുകയും ചെയ്യുന്നു. ആ മതിൽ മാനസികമോ ഭൗതികമോ സാമ്പത്തികമോ ദേശീയമോ ആകാം. നാം ഒരു മതിലിനു പിന്നിൽ ഒറ്റപ്പെട്ടു ജീവിക്കുമ്പോൾ അന്യനുമായി ബന്ധം ഉണ്ടാകുന്നില്ല. കൂടുതൽ സംതൃപ്തികരമായതിനാൽ നാം ഒരു അടച്ചുകെട്ടിനുള്ളിൽ ജീവിക്കുന്നു; അതു കൂടുതൽ സുരക്ഷിതമാണെന്നും നാം കരുതുന്നു.

ലോകം വലിയ തകർച്ചയിലാണ്; ഇവിടെ ദുഃഖങ്ങളും, വേദനകളും സമരങ്ങളും, നാശങ്ങളും, ദുരിതങ്ങളും നിറഞ്ഞുനില്ക്കുന്നു. അവയിൽ നിന്നെല്ലാം രക്ഷപ്പെട്ടു സ്വന്തം മാനുഷികസത്തയുടെ രക്ഷാമതിലുകൾക്കുള്ളിൽ ജീവിക്കുവാൻ നാം ആഗ്രഹിക്കുന്നു. അങ്ങനെ നോക്കുമ്പോൾ നമ്മെ മിക്കവരെ സംബന്ധിച്ചും പരസ്പരബന്ധം, യഥാർത്ഥത്തിൽ ഒറ്റപ്പെടലാണ്; സ്വാഭാവികമായും അത്തരം പരസ്പരബന്ധത്തിൽനിന്ന് ഉളവാകുന്ന സമുദായവും ഒറ്റപ്പെട്ടതായിരിക്കും. ഇതാണ് യഥാർത്ഥത്തിൽ ലോകത്തെങ്ങും നടക്കുന്നത്. നിങ്ങൾ അകന്നുനിന്ന് മതിലിനു മുകളിലൂടെ കൈനീട്ടുന്നു; എന്നിട്ട് അതിനെ ദേശീയതയെന്നും സാഹോദര്യമെന്നും മറ്റും വിളിക്കുന്നു. പക്ഷേ, പരമാധികാരമുള്ള ഭരണകൂടങ്ങളും പട്ടാളങ്ങളും മറ്റും ഇവിടെ നിലനില്ക്കുകയും ചെയ്യുന്നു. എന്നിട്ടും നിങ്ങൾ, സ്വന്തം പരിമിതികളെ മുറുകെപിടിച്ചുകൊണ്ട്, ലോകത്തിൽ ഐക്യവും സമാധാനവും സൃഷ്ടിക്കാൻ നിങ്ങൾക്കു കഴിയുമെന്നു വിശ്വസിക്കുന്നു. ഇത് അസാധ്യമാണ്. നിങ്ങൾക്കു ഒരതിർത്തി ഉള്ളേടത്തോളം കാലം, അതു ദേശീയമോ സാമ്പത്തികമോ മതപരമോ സാമുദായികമോ ആയിക്കൊള്ളട്ടെ, ലോകത്തിൽ സമാധാനം ഉണ്ടാവുകയില്ലെന്ന കാര്യം വ്യക്തമാണ്.

ഒറ്റപ്പെടുന്ന പ്രക്രിയ പ്രാബല്യം തേടുന്ന പ്രക്രിയയാണ്. ഒരാൾ തനിക്കുവേണ്ടിയോ വർഗ്ഗത്തിനു വേണ്ടിയോ ദേശീയസംഘടനയ്ക്കുവേണ്ടിയോ പ്രാബല്യം തേടുമ്പോൾ ഒറ്റപ്പെടലുണ്ടാകും; കാരണം പ്രാബല്യത്തിനോ പദവിക്കോ വേണ്ടിയുള്ള ആഗ്രഹം തന്നെ ഭിന്നതയുളവാക്കുന്ന ഒന്നാണ്. വാസ്തവത്തിൽ അതല്ലേ ഓരോ വ്യക്തിയുടേയും മോഹം? വീട്ടിലായാലും ആപ്പീസിലായാലും ഔദ്യോഗികഭരണസംവിധാനത്തിലായാലും തനിക്ക് പ്രതാപം കാണിക്കാൻ സൗകര്യം ലഭിക്കുന്ന അധികാരസ്ഥാനമാണ് അയാൾക്ക് വേണ്ടത്. ഓരോ വ്യക്തിയും പ്രാബല്യം തേടുന്നു. പ്രാബല്യം തേടുമ്പോൾ, അയാൾ, സൈനികവും വ്യവസായികവും സാമ്പത്തികവും മറ്റുമായ അധികാരത്തിൽ അധിഷ്ഠിതമായ ഒരു സമുദായമായിരിക്കും സ്ഥാപിക്കുക എന്നതും വ്യക്തമായ കാര്യമാണ്. പ്രാബല്യത്തിനുവേണ്ടിയുള്ള ആഗ്രഹത്തിന്റെ സ്വഭാവം തന്നെ ഒറ്റപ്പെടുത്തുന്നതല്ലേ? ഇതു മനസ്സിലാക്കേണ്ടത് പ്രധാനമാണെന്ന് എനിക്കു തോന്നുന്നു. യുദ്ധങ്ങളോ ഭയങ്കരമായ നാശനഷ്ടങ്ങളോ ആപത്കരങ്ങളായ ദുരിതങ്ങളോ ഇല്ലാത്ത സമാധാനപൂർണ്ണമായ ഒരു ലോകം വേണമെന്ന് ആഗ്രഹിക്കുന്ന വ്യക്തി അടിസ്ഥാനപരമായ ഈ പ്രശ്നം മനസ്സിലാക്കേണ്ടതല്ലേ? സ്നേഹസമ്പന്നനും ദയാലുവുമായ ഒരു മനുഷ്യൻ അധികാരമോഹിയായിരിക്കില്ല. ഏതെങ്കിലും രാജ്യത്തോടോ കൊടിയോടോ അയാൾക്കു ബന്ധമുണ്ടാവില്ല; അയാൾക്ക് കൊടിയില്ല.

ഒറ്റപ്പെട്ടു ജീവിക്കുക എന്നൊന്ന് ഇല്ല; ഒരു രാജ്യത്തിനും ഒരു ജനതയ്ക്കും ഒരു വ്യക്തിയ്ക്കും ഒറ്റപ്പെട്ടു ജീവിക്കുവാൻ കഴിയില്ല. എന്നിട്ടും വ്യത്യസ്ഥ മാർഗ്ഗങ്ങളിലൂടെ പ്രാബല്യം നേടാൻ ശ്രമിക്കുന്നതുവഴി നിങ്ങൾ ഒറ്റപ്പെടലിനെ വളർത്തുകയാണ് ചെയ്യുന്നത്. ദേശീയവാദി ഒരു ശാപമാണ്; തന്റെ ദേശീയബോധത്തിലൂടെയും സ്വാരാജ്യസ്നേഹത്തിലൂടെയും അയാൾ ഒറ്റപ്പെടലിന്റെ ഒരു മതിൽ പടുത്തുയർത്തുകയാണ് ചെയ്യുന്നത്. തന്റെ രാജ്യവുമായി അത്യധികം താദാത്മ്യം പ്രാപിച്ചിട്ടുള്ളതുകൊണ്ട് അയാൾ മറ്റൊരു രാജ്യത്തിനെതിരെ മതിൽ കെട്ടാൻ തയ്യാറാകുന്നു. എന്തിനെങ്കിലും എതിരായി നിങ്ങൾ ഒരു മതിൽ കെട്ടുമ്പോൾ എന്താണ് സംഭവിക്കുന്നത്? അതു നിങ്ങളുടെ മതിലിന്മേൽ നിരന്തരം അടിച്ചു കൊണ്ടിരിക്കും. നിങ്ങൾ ഒരു വസ്തുവിനെ ചെറുക്കുമ്പോൾ, ആ ചെറുത്തുനില്പുതന്നെ നിങ്ങൾ ആ വസ്തുവിനു എതിരാണെന്ന് സൂചിപ്പിക്കുന്നു. ഒറ്റപ്പെടലിന്റെ പ്രക്രിയയായ, അധികാരം തേടലിന്റെ പരിണതഫലമായ, ദേശീയവാദിയായ ഒരു മനുഷ്യൻ സാഹോദര്യത്തെക്കുറിച്ചു സംസാരിക്കുമ്പോൾ അയാൾ നുണയായിരിക്കും പറയുന്നത്; വൈരുദ്ധ്യത്തിലാണ് അയാൾ ജീവിക്കുന്നത്.

പ്രാബല്യവും പദവിയും ആധിപത്യവും ആഗ്രഹിക്കാതെ ഒരാൾക്ക് ഈ ലോകത്തിൽ ജീവിക്കാൻ കഴിയുമോ? തീർച്ചയായും കഴിയും. തന്നെക്കാൾ ഉത്കൃഷ്ടമായ ഒന്നിനോട് താദാത്മ്യം തേടാതിരുന്നാൽ ഒരാൾക്ക് അതു സാധിക്കും. കൂടുതൽ ഉത്കൃഷ്ടമായ ഒന്നിനോടുള്ള ഈ സാത്മീകരണം - അതു സംഘടനയോ രാജ്യമോ വർഗ്ഗമോ മതമോ ദൈവമോ ആകാം - അധികാരം തേടലാണ്. താൻ നിസ്സാരനും അസമർത്ഥനും ദുർബലനും ആണെന്ന് സ്വയം തോന്നുന്നതിനാൽ നിങ്ങൾ കുടൂതൽ ശ്രേഷ്ഠമായ ഒന്നിനോട് താദാത്മ്യം തേടാൻ ആഗ്രഹിക്കുന്നു. കൂടുതൽ മഹത്തായ ഒന്നിനോട് താദാത്മ്യം പ്രാപിക്കാനുള്ള ഈ ആഗ്രഹം പ്രാബല്യത്തിനുള്ള ആഗ്രഹമാണ്.

പരസ്പരബന്ധം ഒരാത്മാവി

ഷ്കാരപ്രക്രിയയാണ്; സ്വയം അറിയാതെ, സ്വന്തം മനസ്സിന്റെയും ഹൃദയത്തിന്റെയും ഗതിവിഗതികളറിയാതെ, ബാഹ്യമായ ഒരു വ്യവസ്ഥയോ സമ്പ്രദായമോ പ്രവർത്തനതന്ത്രമോ ആവിഷ്കരിക്കുന്നതിൽ അർത്ഥമൊന്നുമില്ല. മറ്റൊരാളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തന്നെത്തന്നെ മനസ്സിലാക്കുക എന്നതാണ് പ്രധാനം. അപ്പോൾ പരസ്പര ബന്ധം ഒറ്റപ്പെടലിന്റെ പ്രക്രിയയായിരിക്കില്ല; മറിച്ച് നിങ്ങൾക്ക് സ്വന്തം പ്രേരണകളും ചിന്തകളും ഉദ്യമങ്ങളും കണ്ടെത്താൻ കഴിവുനല്കുന്ന ഒരു ചലനമായിരിക്കും അത്. ആ കണ്ടെത്തലാണ് വിമോചനത്തിന്റെ ആരംഭം, പരിവർത്തനത്തിന്റെ ആരംഭം.

*"ദി ഫസ്റ്റ് ആന്റ് ലാസ്റ്റ് ഫ്രീഡം" എന്ന പുസ്തകത്തിൽ നിന്ന് .* ■

## വാർഷിക സമ്മേളനം 2014

കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ വാർഷികസമ്മേളനം (KFI Gathering 2014) നവംബർ 20-ാം തീയതി മുതൽ 23-ാം തീയതി വരെ പൂനൈ ഡിസ്ട്രിക്റ്റിലുള്ള സഹ്യാദ്രി സ്കൂളിൽ നടക്കുന്നതാണ്. മനോഹരമായ സഹ്യാദ്രി കുന്നുകളുടെ മുകളിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.

വ്യക്തിയെ തന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും തന്നെ അലട്ടുന്ന അടിസ്ഥാന പ്രശ്നങ്ങളെ മനസ്സിലാക്കുവാനും ഒരു സന്ദർശനം ഒരുക്കുകയാണ് ഈ ഒത്തുചേരലിന്റെ ഉദ്ദേശം. പ്രഭാഷണങ്ങൾ, ചർച്ചകൾ, കൃഷ്ണമൂർത്തിയുടെ വീഡിയോ പ്രദർശനങ്ങൾ എന്നിവ ഈ സമ്മേളനത്തിന്റെ ഭാഗമായിരിക്കും. താൽപര്യമുള്ള ആർക്കുവേണമെങ്കിലും ഇതിൽ പങ്കെടുക്കാവുന്നതാണ്.

http:kscskfi.com എന്ന വെബ്സൈറ്റിൽ വിശദവിവരങ്ങളും റെജിസ്റ്റർ ചെയ്യാനുള്ള ഫാറവും ലഭിക്കുന്നതാണ്.

Krishnamurti Study Centre
Sahyadri P.o., Tiwai Hills, Rajaguru Nagar, Dist. Pune - 410513
Email: kfisahyadri.study@gmail.com

ഒന്നാം പേജിൽനിന്ന് തുടർച്ച

## ചിന്തകനും ചിന്തയും

തന്നെ ചിന്തയാകുന്ന സ്ഥിതിവിശേഷം നമുക്ക് നേരിട്ടു അനുഭവപ്പെടുമ്പോഴേ അതു സാധ്യമാകൂ. ചിന്ത ചിന്തകനിൽനിന്നും വിഭിന്നമാണെന്ന് നാം ഇപ്പോൾ കരുതുന്നു. പക്ഷേ, അതു ശരിയാണോ? ആണെന്ന് കരുതാനാണ് നമുക്കിഷ്ടം. കാരണം, അപ്പോൾ ചിന്തകന് തന്റെ ചിന്തയിൽകൂടി കാര്യങ്ങൾ വിശദീകരിക്കാൻ കഴിയും. വലുതാകാനോ ചെറുതാകാനോ ആണ് ചിന്തകന്റെ ശ്രമം. ആ മത്സരത്തിൽ, ഇച്ഛാശക്തിയുടെ ആ പ്രവർത്തനത്തിൽ, ആയിത്തീരാനുള്ള ആ ശ്രമത്തിൽ എപ്പോഴും അപചയത്തിന്റെ ഒരു ഘടകമുണ്ടായിരിക്കും. നമ്മൾ ശരിയായ വഴിയല്ല, തെറ്റായ വഴിയാണ് പിന്തുടരുന്നത്.

ചിന്തകനും ചിന്തയും തമ്മിൽ ഭിന്നതയുണ്ടോ? അവ വിഭിന്നമായി വേർതിരിഞ്ഞു നില്ക്കുന്നേടത്തോളംകാലം നമ്മുടെ പ്രയത്നം പാഴ്വേലയായിരിക്കും. നാശകരമായ, അപചയത്തിനു കാരണമായ, തെറ്റായ ഒരു പ്രക്രിയയെയാണ് നാം പിന്തുടരുന്നത്. ചിന്തകൻ അയാളുടെ ചിന്തയിൽ നിന്ന് ഭിന്നനാണെന്ന് നമ്മൾ കരുതുന്നു. ഞാൻ ദുരാഗ്രഹിയും സ്വന്തമാക്കി വയ്ക്കുന്നതിൽ തത്പരനും ക്രൂരനും ആണെന്നു കാണുമ്പോൾ, അങ്ങനെയല്ലാതാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ചിന്തകൻ തന്റെ ചിന്തകളിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നു; അതിനാൽ ആയിത്തീരാനുള്ള പരിശ്രമം നടത്തുന്നു. ആ പരിശ്രമത്തിനിടയിൽ അയാൾ രണ്ട് വിഭിന്ന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന മിഥ്യാധാരണക്ക് വിധേയനാകുന്നു; യഥാർത്ഥത്തിൽ ഒരു പ്രവർത്തനമേ നടക്കുന്നുള്ളു. ഇതാണ് അപചയത്തിന്റെ അടിസ്ഥാനപരമായ ഘടകം എന്ന് എനിക്ക് തോന്നുന്നു.

അനുഭോക്താവ്, അനുഭവം എന്നിങ്ങനെ ഭിന്നങ്ങളായ രണ്ടു പ്രക്രിയകളില്ലാ, ഒരേ ഒരു സത്ത മാത്രമുള്ള സ്ഥിതിവിശേഷം നമുക്ക് അനുഭവപ്പെടുമോ? എങ്കിൽ ഒരു പക്ഷേ, സർഗ്ഗാത്മകത എന്നാൽ എന്തെന്നും മനുഷ്യന്റെ ഏതു തരത്തിലുള്ള ബന്ധത്തിലും ഒരിക്കലും അപചയം ഉളവാകാത്ത അവസ്ഥ എന്തെന്നും നമുക്ക് കണ്ടെത്താൻ കഴിഞ്ഞേക്കാം.

ഞാൻ ദുരാഗ്രഹിയാണ്, ഞാനും ദുരാഗ്രഹവും രണ്ടു വ്യത്യസ്ഥ അവസ്ഥകളല്ല; ഒരു കാര്യം മാത്രമേയുള്ളു; അതു ദുരാഗ്രഹമാണ്. ഞാൻ ദുരാഗ്രഹിയാണെന്ന് എനിക്ക് അറിയാമെങ്കിൽ എന്താണ് സംഭവിക്കുന്നത്? ദുരാഗ്രഹിയല്ലാതാകാൻ ഞാൻ ഒരു ശ്രമം നടത്തുന്നു; സാമൂഹികമോ മതപരമോ ആകാം അതിനുള്ള കാരണം; ആ പരിശ്രമം എപ്പോഴും പരിമിതമായ ഒരു ചെറു വൃത്തത്തിനുള്ളിലായിരിക്കും. ആ വൃത്തത്തിന്റെ പരിധി ഞാൻ വലുതാക്കിയെന്നുവരാം; പക്ഷേ, എപ്പോഴും അതു പരിമിതമായിരിക്കും. അതിനാൽ അപചയത്തിന്റെ ഘടകം അവിടെ ഉണ്ടാകും. പക്ഷേ, കുറച്ചുകൂടി അഗാധമായും, സൂക്ഷ്മമായും പരിശോധിച്ചാൽ, പരിശ്രമി തന്നെയാണ് ദുരാഗ്രഹത്തിനു കാരണമെന്നും അയാൾ ദുരാഗ്രഹം തന്നെയാണെന്നും എനിക്ക് മനസ്സിലാക്കാൻ കഴിയും. എന്നു മാത്രമല്ല, ദുരാഗ്രഹത്തിനും "എനിക്കും" ഭിന്നമായ നിലനില്പില്ലെന്നും ദുരാഗ്രഹം മാത്രമേ ഉള്ളുവെന്നുംകൂടി ഞാൻ കണ്ടെത്തും. ഞാൻ ദുരാഗ്രഹിയാണെന്നു മനസ്സിലാക്കിയാൽ, ദുരാഗ്രഹിയായ നിരീക്ഷകനില്ലെന്നും ഞാൻ തന്നെയാണ് ദുരാഗ്രഹമെന്നും ബോധ്യപ്പെട്ടാൽ, നമ്മുടെ പ്രശ്നം മുഴുവൻ പാടെ മാറും; അതിനോടുള്ള നമ്മുടെ പ്രതികരണം തികച്ചും വ്യത്യസ്തമായിരിക്കും. അപ്പോൾ നമ്മുടെ പരിശ്രമം വിനാശകരമായിരിക്കില്ല.

നിങ്ങളുടെ മുഴുവൻ സത്തയും ദുരാഗ്രഹമായാൽ, നിങ്ങൾ പ്രവർത്തിക്കുന്നതെന്തും ദുരാഗ്രഹമായാൽ, നിങ്ങൾ എന്താണ് ചെയ്യുക? നിർഭാഗ്യമെന്നു പറയട്ടെ, നമ്മൾ ആ വഴിക്ക് ചിന്തിക്കാറില്ല. മേലധികാരിയായി, നിയന്ത്രിക്കുകയും ആധിപത്യം ചെലുത്തുകയും ചെയ്യുന്ന സൈനികനായി, "ഞാൻ" അവിടെയുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ആ പ്രക്രിയ വിനാശകരമാണ്. അതൊരു മിഥ്യാസങ്കല്പമാണ്; എന്തുകൊണ്ട് നാമതു ചെയ്യുന്നു എന്നു നമുക്കറിയാം. എന്റെ നൈരന്തര്യത്തിനുവേണ്ടി ഞാൻ എന്നെ ഉയർന്നതെന്നും താഴ്ന്നതെന്നും വിഭജിക്കുന്നു. പൂർണ്ണമായും ദുരാഗ്രഹം മാത്രമേ ഉള്ളുവെങ്കിൽ, ദുരാഗ്രഹം പ്രയോഗിക്കുന്ന ഞാൻ ഇല്ലെങ്കിൽ, എന്താണ് സംഭവിക്കുക? അപ്പോൾ തീർച്ചയായും തികച്ചും വ്യത്യസ്തമായ ഒരു നടപടി ഉണ്ടാകും. വ്യത്യസ്തമായ ഒരു പ്രശ്നം നിലവിൽ വരും. ആ പ്രശ്നം ക്രിയാത്മകമായിരിക്കും. അവിടെ അനുകൂലമായോ പ്രതികൂലമായോ ആയി

# ചിന്തകനും ചിന്തയും

ത്തീരാനോ ആധിപത്യം ചെലുത്താനോ ഞാനെന്ന ഭാവം ഉണ്ടായിരിക്കില്ല. സർഗ്ഗാത്മകത കൈവരണമെങ്കിൽ നമ്മൾ ആ അവസ്ഥയിൽ എത്തണം. ആ അവസ്ഥയിൽ പരിശ്രമി ഉണ്ടായിരിക്കില്ല. ആ അവസ്ഥ എന്തെന്ന് കണ്ടെത്താൻ ശ്രമിക്കുന്നതോ അതിനോ വാക്കുകൾകൊണ്ടു വിവരിക്കുന്നതോ അല്ല കാര്യം. ആ വഴിക്ക് പുറപ്പെട്ടാൽ നിങ്ങൾ പരാജയപ്പെടും, നിങ്ങൾക്ക് ഒരിക്കലും കണ്ടെത്താൻ കഴിയുകയില്ല. പരിശ്രമിയും അയാൾ തന്റെ ശ്രമത്തിലൂടെ നേടാൻ ആഗ്രഹിക്കുന്ന വസ്തുവും ഒന്നാണെന്ന് മനസ്സിലാക്കലാണ് പ്രധാനം. അതിന്, മനസ്സ് സ്വയം ഉയർന്നതെന്നും താഴ്ന്നതെന്നും (ഉയർന്നത് ഭദ്രതയെയും സ്ഥിരമായ സത്തയെയും കുറിക്കുന്നു) വിഭജിക്കുകയും അതേ സമയംതന്നെ ചിന്തയുടെ പ്രവർത്തനമായും അതിനാൽ കാലമായും വർത്തിക്കുകയും ചെയ്യുന്നതെങ്ങനെയെന്നു മനസ്സിലാക്കാനുള്ള വമ്പിച്ച ധാരണയും ആവശ്യമാണ്. നേരിട്ടുള്ള അനുഭവമെന്ന നിലയിൽ നമ്മൾക്ക് ഇതറിയാൻ കഴിഞ്ഞാൽ, തികച്ചും വ്യത്യസ്തമായ ഒരു ഘടകം വന്നെത്തുന്നത് കാണാം.

*“ദി ഫസ്റ്റ് ആന്റ് ലാസ്റ്റ് ഫ്രീഡം” എന്ന പുസ്തകത്തിൽ നിന്ന്.* ■

# മനസ്സിന്റെ പ്രവൃത്തി

നിങ്ങൾ സ്വന്തം മനസ്സിനെ നിരീക്ഷിക്കുമ്പോൾ അതിന്റെ ഉപരിതലങ്ങൾ എന്ന് വിളിക്ക പ്പെടുന്നതിനെ മാത്രമല്ല അതിന്റെ അബോധതലത്തെയും നിരീക്ഷി ക്കുന്നു. മനസ്സ് യഥാർത്ഥത്തിൽ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾ വിക്ഷിക്കുന്നു, ഇല്ലേ? ഇങ്ങനെ മാത്രമേ നിങ്ങൾക്ക് അന്വേഷണം നടത്താൻ കഴിയൂ. എന്തു ചെയ്യണം. എങ്ങനെ ചിന്തിക്കണം, എങ്ങനെ പ്രവർത്തിക്കണം എന്നെല്ലാം മനസ്സിന് നിർദ്ദേശങ്ങൾ നല്കാതിരിക്കുക; അതു വെറും പ്രസ്താവനകൾ ചെയ്യുന്നതിന് തുല്യമായിരിക്കും. ഇന്ന വിധത്തിലായിരിക്കണം, ആ വിധത്തിലായിരിക്കരുത് എന്നെല്ലാം പറയുമ്പോൾ നിങ്ങൾ എല്ലാവിധത്തിലുള്ള അന്വേഷണങ്ങളും ആ ലോചനകളും അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. അതേപോലെ ഏതെങ്കിലും വലിയ അധികാരിയെ ഉദ്ധരിക്കുമ്പോഴും നിങ്ങൾ ആലോചനയ്ക്ക് വിരാമമിടുകയായിരിക്കും ചെയ്യുന്നത്, അല്ലേ? നിങ്ങൾ ബുദ്ധൻ, ക്രിസ്തു തുടങ്ങിയവരുടെ വചനങ്ങൾ ഉദ്ധരിക്കുന്നതോടെ എല്ലാ ചിന്തകളും എല്ലാ പരിശ്രമങ്ങളും അന്വേഷണങ്ങളും അവസാനിക്കും. അതിനാൽ അങ്ങനെ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം. അഹം ബോധത്തിന്റെ ഈ പ്രശ്നത്തെക്കുറിച്ച് എന്നോടൊത്ത് അന്വേഷണം നടത്തണമെങ്കിൽ നിങ്ങൾ മനസ്സിന്റെ എല്ലാവിധ സൂക്ഷ്മതകളും മാറ്റി വെയ്ക്കണം.

മനസ്സിന്റെ പ്രവൃത്തി എന്താണ്? അതു കണ്ടുപിടിക്കണമെങ്കിൽ മനസ്സ് യഥാർത്ഥത്തിൽ എന്താണ് ചെയ്യുന്നതെന്ന് അറിയണം. നിങ്ങളുടെ മനസ്സ് എന്താണ് ചെയ്യുന്നത് ? ചിന്തയുടെ പ്രവർത്തനമല്ലേ അതെല്ലാം? അല്ലെങ്കിൽ മനസ്സിന് നിലനില്പില്ല. ബോധപൂർവ്വമായാലും അബോധപൂർവ്വമായാലും മനസ്സ് ചിന്തിക്കാത്തിടത്തോളം ബോധമണ്ഡലത്തിന് സ്ഥാനമുണ്ടാവില്ല. നാം ദൈനംദിന ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതും എന്നാൽ നമ്മിൽ മിക്കവർക്കും അറിഞ്ഞുകൂടാത്തതുമായ മനസ്സ് നമ്മുടെ പ്രശ്നങ്ങളെ എങ്ങനെ നേരിടുന്നുവെന്ന് നമുക്ക് കണ്ടുപിടിക്കേണ്ടതായിട്ടുണ്ട്. നാം മനസ്സിനെ, എങ്ങനെ ആയിരിക്കണമോ ആ നിലയിലല്ല, എങ്ങനെയാണോ ആ നിലയിൽ, കാണണം.

മനസ്സ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എങ്ങനെയാണ്? ഒറ്റപ്പെടലിന്റെ ഒരു പ്രക്രിയയല്ലേ യഥാർത്ഥത്തിൽ അത്? അടിസ്ഥാനപരമായി ചിന്തയുടെ പ്രവർത്തനം അതാണ്. കൂട്ടായി വർത്തിച്ചുകൊണ്ടിരിക്കേ ഒറ്റപ്പെട്ട രീതിയിൽ ചിന്തിക്കുന്നതാണത്. നിങ്ങളുടെ ചിന്താഗതി ശ്രദ്ധിച്ചാൽ അതു ഒറ്റപ്പെട്ടതും ശിഥിലീകൃതവുമായ ഒരു പ്രക്രിയയാണെന്ന് നിങ്ങൾക്ക് കാണാം. നിങ്ങളുടെ സ്മരണയുടെയും അനുഭവത്തിന്റെയും അറിവിന്റെയും വിശ്വാസത്തിന്റെയുമെല്ലാം പ്രതികരണങ്ങൾക്ക് അനുസൃതമായാണ് നിങ്ങൾ ചിന്തിക്കുന്നത്. അവയ്ക്കെല്ലാം നിങ്ങൾ പ്രതികരിക്കുന്നു, ഇല്ലേ? അടിസ്ഥാനപരമായ ഒരു വിപ്ലവം അത്യാവശ്യമാണെന്ന് ഞാൻ പറഞ്ഞാൽ ഉടനടി നിങ്ങൾ പ്രതികരിക്കുന്നു. നിങ്ങൾക്ക് കനത്ത നിക്ഷേപങ്ങൾ ഉണ്ടെങ്കിൽ, അവ ആത്മീയമായാലും വേണ്ടില്ല, മറ്റു തരത്തിലുള്ളവയായാലും വേണ്ടില്ല, ‘വിപ്ലവം’ എന്ന പ്രയോഗത്തെ നിങ്ങൾ എതിർക്കും. നിങ്ങളുടെ അറിവിനെയും വിശ്വാസത്തെയും അനുഭവത്തെയും ആശ്രയിച്ചുള്ളതായിരിക്കും നിങ്ങളുടെ പ്രതികരണങ്ങൾ. ഇതു സ്പഷ്ടമായ ഒരു വസ്തുതയാണ്. പല തരത്തിലുള്ള പ്രതികരണങ്ങളുണ്ട്. “ഞാൻ സഹോദരസ്നേഹം ഉള്ളവനായിരിക്കണം”, “ഞാൻ സഹകരിക്കണം”, “ഞാൻ സ്നേഹഭാവം പുലർത്തണം”, “ഞാൻ ദയ കാണിക്കണം” എന്നെല്ലാം നിങ്ങൾ പറയുന്നു. എന്താണ് ഇവ? ഇവയെല്ലാം പ്രതികരണങ്ങളാണ്; പക്ഷേ ചിന്തയുടെ അടിസ്ഥാനപരമായ പ്രതികരണം ഒറ്റപ്പെട്ടുപോകലാണ്. നിങ്ങൾ ഓരോരുത്തരും സ്വന്തം പ്രവൃത്തിയെ വിശ്വാസത്തെ, അറിവിനെ, അനുഭവത്തെ വീക്ഷിക്കുന്നുവെന്നതാണ് അതിന്നർത്ഥം. ഇവയെല്ലാം സുരക്ഷിതത്വം നല്കുന്നു, ഇല്ലേ? അവ സുരക്ഷിതത്വം നല്കുകയും നിങ്ങളുടെ ചിന്താഗതിക്ക് ശക്തി പകരുകയും ചെയ്യുന്നു. ആ പ്രവർത്തനം ‘‘എന്നെ’’, മനസ്സിനെ, ഉയർന്നതെന്നോ താഴ്ന്നതെന്നോ നിങ്ങൾ വിളിക്കുന്ന അഹംബോധത്തെ, ശക്തിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. നമ്മുടെ എല്ലാ മതങ്ങളും സാമുദായിക വിലക്കുകളും, നിയമങ്ങളും വ്യക്തിയെയും വ്യക്തിസത്തയെയും ഒറ്റപ്പെട്ട പ്രവർത്തനങ്ങളെയും പിന്താങ്ങാനുള്ളവയാണ്. ഇതിനെതിരായിട്ടാണ് ഏകാധിപത്യരാജ്യങ്ങൾ നിലകൊള്ളുന്നത്. അബോധതലത്തിലേക്കിറങ്ങിച്ചെന്നാൽ, അവിടെയും ഇതേ പ്രവർത്തനമാണ് കാണുക. അവിടെ, പരിതസ്ഥിതി, കാലാവസ്ഥ, സമുദായം മുതലായവയുടെയും അച്ഛൻ, അമ്മ, മുത്തച്ഛൻ തുടങ്ങിയവരുടെയും സ്വാധീനത്തിനു വിധേയമായ ഒരു സംഘമാണ് നമ്മൾ. അവിടെയും വ്യക്തിയെന്ന നിലയിൽ, ഞാൻ എന്ന നിലയിൽ, സ്വാഭിപ്രായം സ്ഥാപിക്കാനും ആധിപത്യം പുലർത്താനും ഉള്ള ആഗ്രഹം നമ്മിലുണ്ട്.

നാം അറിയുകയും അനുദിനം നിറവേറ്റുകയും ചെയ്യുന്ന വിധത്തിൽ മനസ്സിന്റെ പ്രവർത്തനം ഒറ്റപ്പെടലിന്റെ പ്രക്രിയയല്ലേ? വ്യക്തിപരമായ മോചനമല്ലേ നിങ്ങൾ തേടുന്നത്? ഭാവിയിൽ നിങ്ങൾ വല്ലവനും ആയിത്തീരാൻ പോകുന്നു. അല്ലെ

# മനസ്സിന്റെ പ്രവൃത്തി

ങ്കിൽ ഈ ജീവിതത്തിൽതന്നെ നിങ്ങൾ മഹാനായ ഒരു വ്യക്തിയാകാൻ, മഹാനായ ഒരു സാഹിത്യകാരനാകാൻ പോകുന്നു. നമ്മുടെ മുഴുവൻ പ്രവണതയും വേറിട്ടു നില്ക്കാനാണ്. അതല്ലാതെ മറ്റെന്തെങ്കിലും ചെയ്യാൻ മനസ്സിന് കഴിയുമോ? വേർതിരിഞ്ഞു നില്ക്കുന്ന വിധത്തിലല്ലാതെ, തന്നിൽത്തന്നെ ഒതുങ്ങിക്കൂടുന്ന തരത്തിലല്ലാതെ, ശിഥിലീകൃതമായ രീതിയിലല്ലാതെ, ചിന്തിക്കുവാൻ മനസ്സിന് സാധിക്കുമോ? അത് അസാധ്യമാണ്. അതിനാൽ നാം മനസ്സിനെ ആരാധിക്കുന്നു; അത്യധികം പ്രാധാന്യമുണ്ട് മനസ്സിന്. അല്പം സാമർത്ഥ്യവും ജാഗ്രതയും ഉണ്ടായാൽ, അല്പം വിവരവും അറിവും ആർജ്ജിക്കാൻ കഴിഞ്ഞാൽ നിങ്ങൾക്ക് സമുദായത്തിൽ മാന്യസ്ഥാനം നേടാൻ കഴിയുമെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? നിയമജ്ഞന്മാർ, പ്രഫസർമാർ, പ്രാസംഗികർ, എഴുത്തുകാർ, വ്യാഖ്യാതാക്കൾ, പ്രബോധകർ എന്നിങ്ങനെ ധിഷണാശക്തിയിൽ മേലെക്കിടയിലുള്ളവരെ നിങ്ങൾ ആരാധിക്കുന്നില്ലേ! ബുദ്ധിക്കും മനസ്സിനും നിങ്ങൾ പ്രത്യേക പരിഗണന നല്കുന്നു.

ഒറ്റപ്പെട്ടു നില്ക്കലാണ് മനസ്സിന്റെ പ്രവർത്തനം അല്ലെങ്കിൽ മനസ്സിന് നിലനില്പില്ല. നൂറ്റാണ്ടുകളായി നാം ഈ പ്രക്രിയ പരിപോഷിപ്പിച്ചതാണ്. ഇപ്പോൾ നമുക്ക് അന്യോന്യം സഹകരിക്കാൻ വയ്യെന്നു വന്നിരിക്കുന്നു. സാമ്പത്തികമോ മതപരമോ ആയ അധികാരംകൊണ്ടോ ഭീഷണികൊണ്ടോ നമ്മെ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ഞെരുക്കുകയും ചെയ്യാമെന്നു മാത്രം. ബോധതലത്തിൽ മാത്രമല്ല, താഴ്ന്ന തലങ്ങളിലും നമ്മുടെ പ്രേരണകളുടെയും ഉദ്ദേശ്യങ്ങളുടെയും പ്രയത്നങ്ങളുടെയും യഥാർത്ഥനില ഇതാണെങ്കിൽ എങ്ങനെയാണ് സഹകരണം ഉണ്ടാകുന്നത്? എന്തെങ്കിലും ഒന്നുചെയ്യുന്നതിന് എങ്ങനെയാണ് ബുദ്ധിപരമായ ഒത്തുചേരൽ ഉണ്ടാകുക? ഇത് മിക്കവാറും അസാധ്യമായതിനാൽ, മതങ്ങളും സംഘടിതമായ സാമൂഹികകക്ഷികളും വ്യക്തികളുടെമേൽ അച്ചടക്കം അടിച്ചേല്പിക്കുന്നു. നമുക്ക് ഒരുമിച്ച് ചേരണമെങ്കിൽ, ഒരുമിച്ചു പ്രവർത്തിക്കണമെങ്കിൽ അച്ചടക്കം നിർബന്ധമായിത്തീരുന്നു.

വേർതിരിഞ്ഞു നില്ക്കാൻ പ്രേരിപ്പിക്കുന്ന ഈ ചിന്തയെ, വ്യക്തിരൂപത്തിലായാലും സമഷ്ടിരൂപത്തിലായാലും ഞാനെന്നും എന്റേതെന്നും ഉള്ള ഭാവത്തിന് ഊന്നൽ കൊടുക്കുന്ന ഈ പ്രക്രിയയെ മറികടക്കാൻ കഴിയുന്നതുവരെ നമുക്ക് സമാധാനം ലഭിക്കുകയില്ല; നിരന്തരമായ യുദ്ധങ്ങളും സംഘർഷങ്ങളും നിലകൊള്ളും. വേർതിരിപ്പിക്കുന്ന ചിന്താപ്രക്രിയയെ എങ്ങനെ അവസാനിപ്പിക്കാം എന്നതാണ് നമ്മുടെ പ്രശ്നം. പ്രതികരണത്തിന്റെയും വാങ്മൂലമാക്കുന്നതിന്റെയും (verbalization) പ്രക്രിയയായതിനാൽ ചിന്തയ്ക്ക് എപ്പോഴെങ്കിലും അഹംബോധത്തെ നശിപ്പിക്കുവാൻ കഴിയുമോ? ചിന്ത പ്രതികരണമല്ലാതെ മറ്റൊന്നുമല്ല; സർഗ്ഗാത്മകമല്ല അത്. അങ്ങനെയുള്ള ചിന്തയ്ക്ക് തന്നെത്തന്നെ ഇല്ലാതാക്കുവാൻ കഴിയുമോ? അതാണ് നമ്മൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നത്. "ഞാൻ അച്ചടക്കം പാലിക്കണം", "ഞാൻ ശരിയായ രീതിയിൽ ആലോചിക്കണം", "എനിക്ക് അതോ ഇതോ ആകണം", എന്നെല്ലാം ഞാൻ ചിന്തിക്കുമ്പോൾ, ചിന്ത എന്തെങ്കിലുമൊന്നാവാനോ ആവാതിരിക്കാനോ അതിനെത്തന്നെ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ നിയന്ത്രിക്കുകയോ ആണ് ചെയ്യുന്നത്. ഇതു ഒറ്റപ്പെടലിന്റെ ഒരു പ്രക്രിയയല്ലേ? അതിനാൽ അത് സമഗ്രമായി പ്രവർത്തിക്കുന്ന ഏകീകൃതമായ ധിഷണയല്ല. അത്തരം ധിഷണയിൽനിന്നു മാത്രമേ സഹകരണം ഉളവാകൂ.

നിങ്ങൾ എങ്ങനെയാണ് ചിന്തയെ അവസാനിപ്പിക്കുന്നത്? അഥവാ, ഏകാന്തവും ശിഥിലീകൃതവും ഭാഗികവുമായ ചിന്ത എങ്ങനെയാണ് അവസാനിക്കുന്നത്? എങ്ങനെയാണ് നിങ്ങൾ അതു ചെയ്യുക? നിങ്ങളുടെ അച്ചടക്കത്തിന് അതിനെ നശിപ്പിക്കുവാൻ കഴിയുമോ? തീർച്ചയായും ഇത്രയും കൊല്ലങ്ങളായിട്ടും നിങ്ങൾക്കത് ചെയ്യാൻ സാധിച്ചിട്ടില്ല. അച്ചടക്കപ്രക്രിയയെ പരിശോധിക്കുക; അത് വെറുമൊരു ചിന്താപ്രക്രിയയാണ്. അതിൽ കീഴടക്കലും അടിച്ചമർത്തലും, നിയന്ത്രിക്കലും ആധിപത്യം ചെലുത്തലും എല്ലാം ഉണ്ട്. നിങ്ങൾക്ക് പ്രായമേറുന്നതോടെ സ്വന്തം പ്രാമാണ്യം പ്രകടമാക്കുന്ന അബോധമനസ്സിനെ ഇവയെല്ലാം ബാധിക്കുന്നു. ഇത്രയും കാലത്തെ നിഷ്ഫലമായ ശ്രമങ്ങൾക്കുശേഷം, അഹംബോധത്തെ ഇല്ലാതാക്കാനുള്ള മാർഗ്ഗം അച്ചടക്കമല്ലെന്നു ഇപ്പോൾ നിങ്ങൾക്ക് ബോധ്യമായിട്ടുണ്ടാകും. അഹംബോധത്തെ അച്ചടക്കത്തിലൂടെ നശിപ്പിക്കാൻ കഴിയില്ല; കാരണം, അച്ചടക്കം അഹംബോധത്തെ ശക്തിപ്പെടുത്തുന്ന ഒരു പ്രക്രിയയാണ്. എന്നിട്ടും നിങ്ങളുടെ എല്ലാ മതങ്ങളും അതിനെ പിന്താങ്ങുന്നു; നിങ്ങളുടെ ധ്യാനങ്ങളും അവകാശങ്ങളുമെല്ലാം അതിനെ അടിസ്ഥാനമാക്കിയുള്ളവയാണ്.

അറിവ് അഹംബോധത്തെ നശിപ്പിക്കുമോ? വിശ്വാസം അതിനെ നശിപ്പിക്കുമോ? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇപ്പോൾ നാം ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും പ്രവൃത്തിക്ക്, അഹംബോധത്തിന്റെ വേരിനെ പിടികൂടാൻ വേണ്ടി നാം നടത്തുന്ന ഏതെങ്കിലും പ്രവർത്തനത്തിന്, വിജയം കൈവരിക്കാൻ സാധിക്കുമോ? ഒറ്റപ്പെടലിന്റെയും പ്രതികരണത്തിന്റെയും പ്രക്രിയയായ ചിന്താപ്രവർത്തനത്തിന്റെ കാര്യത്തിൽ ഇതെല്ലാം അടിസ്ഥാനപരമായ പാഴ്വേലയല്ലേ? ചിന്തയ്ക്ക് സ്വയം നശിപ്പിക്കാൻ കഴിയില്ലെന്ന കാര്യം അടിസ്ഥാനപരമായി അല്ലെങ്കിൽ ഗാഢമായി മനസ്സിലാക്കിക്കഴിയുമ്പോൾ നിങ്ങൾ എന്താണ് ചെയ്യുക? അപ്പോൾ എന്തു സംഭവിക്കുന്നു? നിങ്ങളെത്തന്നെ ശ്രദ്ധിക്കുക. ഈ വസ്തുത നിങ്ങൾക്ക് പൂർണ്ണമായി ബോധ്യമാകുമ്പോൾ എന്തു സംഭവിക്കുന്നു? ഏതു പ്രതികരണവും ശീലവിധേയമായ ഒന്നാണെന്നും എന്നും നിങ്ങൾ മനസ്സിലാക്കുന്നു. ശീലവിധേയതയിൽ കൂടി, ആരംഭത്തിലാകട്ടെ; അന്ത്യത്തിലാകട്ടെ, സ്വാതന്ത്ര്യം കൈവരുകയില്ല എന്നും നിങ്ങൾ മനസ്സിലാക്കുന്നു. സ്വാതന്ത്ര്യം എപ്പോഴും ആരംഭത്തിലാണ്, അന്ത്യത്തിലല്ല.

ഏതു പ്രതികരണവും ശീലവിധേയതയുടെ രൂപഭേദമാണെന്നും അതിനാൽ അത് അഹംബോധത്തിന് വിവിധനിലയിൽ നൈരന്തര്യം നല്കുന്നുണ്ടെന്നും നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ അവിടെ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്? ഇക്കാര്യം നിങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. വിശ്വാസം, അറിവ്, അച്ചടക്കം, അനുഭവം, ഫലമോ ലക്ഷ്യമോ തേടുന്ന പ്രക്രിയ, ഉത്കർഷേച്ഛ, ഈ ജന്മത്തിലോ ഭാവിജന്മത്തിലോ വല്ലതും ആയിത്തീരുന്നത് - ഇതെല്ലാം ഒറ്റപ്പെടലിന്റെ പ്രക്രിയകളാണ്; അവ നാശവും ദുരിതവും യുദ്ധവും ഉളവാക്കുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ അവ ഒഴിവാക്കാൻ, ഭീകരങ്ങളായ തടങ്കൽപ്പാളയങ്ങളുടെയും മറ്റും ഭീഷണി എത്രതന്നെ ശക്തമായിരുന്നാലും, നിങ്ങൾക്ക് സാധ്യമല്ല. ഈ

# മനസ്സിന്റെ പ്രവൃത്തി

വസ്തുതയെക്കുറിച്ച് നിങ്ങൾ ബോധവാനാണോ? “അത് അങ്ങനെയാണ”, “അതാണ് എന്റെ പ്രശ്നം”, “കൃത്യമായും അതാണ് എന്റെ നില”, “അറിവും അച്ചടക്കവും എന്തു ചെയ്യുന്നു, ഉത്കർഷേച്ഛ എന്തു ചെയ്യുന്നുവെന്ന് ഞാൻ കാണുന്നു” എന്നെല്ലാം പറയുന്ന മനസ്സിന്റെ അവസ്ഥ എന്താണ്? നിങ്ങൾ ഇതെല്ലാം മനസ്സിലാക്കിയാൽ തീർച്ചയായും വ്യത്യസ്തമായ ഒരു പ്രക്രിയ പ്രവർത്തിക്കാൻ തുടങ്ങിക്കഴിഞ്ഞു.

ബുദ്ധിയുടെ വഴികൾ നാം അറിയുന്നു. എന്നാൽ സ്നേഹത്തിന്റെ മാർഗ്ഗം കാണുന്നില്ല. ബുദ്ധിയിലൂടെയല്ല സ്നേഹത്തിന്റെ വഴി കണ്ടെത്തേണ്ടത്. ആഗ്രഹങ്ങൾ, ഉത്കർഷേച്ഛകൾ, പ്രയത്നങ്ങൾ മുതലായവയൊത്തു പടർന്നു പന്തലിച്ച് ബുദ്ധിക്കു അറുതിവന്നാലേ സ്നേഹം നിലവിൽ വരൂ. സ്നേഹിക്കുമ്പോൾ നിങ്ങൾ പരസ്പരം സഹകരിക്കുന്നു; അപ്പോൾ നിങ്ങൾ നിങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല. ഇതു നിങ്ങൾക്ക് അറിഞ്ഞുകൂടേ? ഉദാത്തരൂപം മറിച്ച് ഉത്കൃഷ്ടവ്യക്തിയെന്ന നിലയ്ക്കോ ഉന്നതസ്ഥാനത്തുള്ള ഒരാൾ എന്ന നിലയ്ക്കോ നിങ്ങൾ സ്നേഹിക്കുമ്പോൾ അതു ഭയത്തെയാണ് കുറിക്കുന്നത്. സ്ഥാപിതതാത്പര്യങ്ങൾ ഉള്ളപ്പോൾ സ്നേഹം ഉണ്ടാവുകയില്ല; ഭയത്തിൽനിന്നു ജനിക്കുന്ന ചൂഷണപ്രക്രിയയ്ക്ക് മാത്രമേ അപ്പോൾ സ്ഥാനമുണ്ടാകൂ. മനസ്സിന്റെ മുഴുവൻ പ്രവർത്തനരീതി നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

പരസ്പരം സ്നേഹിക്കാനറിഞ്ഞാൽ മാത്രമേ സഹകരണമുണ്ടാകൂ; അപ്പോഴേ ധിഷണാപൂർവ്വമായി പ്രവർത്തിക്കാനും ഏതെങ്കിലും പ്രശ്നത്തിന്റെ പേരിൽ യോജിക്കാനും കഴിയൂ. അപ്പോൾ മാത്രമേ ദൈവമെന്തെന്നും സത്യമെന്തെന്നും നമുക്ക് കണ്ടെത്താൻ സാധിക്കൂ. ബുദ്ധിയിലൂടെയും അനുകരണത്തിലൂടെയും സത്യത്തെ കണ്ടെത്താനാണ് നാം ഇപ്പോൾ ശ്രമിക്കുന്നത്; അത് ഒരു തരം വിഗ്രഹാരാധനയാണ്. ധാരണയിലൂടെ അഹംബോധത്തിന്റെ മുഴുവൻ സംവിധാനത്തെയും പൂർണ്ണമായും നിരാകരിക്കാൻ കഴിഞ്ഞാലെ, അനശ്വരവും അനന്തവും അമേയവുമായ സത്ത നിലവിൽ വരൂ. നിങ്ങൾക്ക് അതിനെ സമീപിക്കാൻ കഴിയില്ല; അതു നിങ്ങളുടെ സമീപത്തേക്കു വരുകയാണ് ചെയ്യുക

*“ദി ഫസ്റ്റ് ആന്റ് ലാസ്റ്റ് ഫ്രീഡം” എന്ന പുസ്തകത്തിൽ നിന്ന്.* ■

## വസന്തവിഹാർ പഠനകേന്ദ്രം

കൃഷ്ണമൂർത്തിയുടെ പൊതുപ്രഭാഷണങ്ങളുടെയും സംവാദങ്ങളുടെയും വേദിയായിരുന്ന ചെന്നൈ നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന പഠനകേന്ദ്രമാണ് വസന്തവിഹാർ. ഇവിടത്തെ പ്രധാനകേന്ദ്രം “The Study” എന്ന് വിളിക്കപ്പെടുന്ന പഠനമുറിയാണ്. ഇവിടെയുള്ളത്.

1. കൃഷ്ണമൂർത്തിയുടെ ഇംഗ്ളീഷ് പുസ്തകങ്ങൾ, മലയാളത്തിലും മറ്റു ഭാഷകളിലുമുള്ള വിവർത്തനങ്ങൾ, ജീവിതചരിത്രങ്ങൾ;
2. കൃഷ്ണമൂർത്തിയുടെ ഡി.വി.ഡി.കൾ, അവ കാണാനുള്ള സൗകര്യങ്ങൾ; കൂടാതെ ഓഡിയോ സി.ഡി.കൾ;
3. മതം, തത്വശാസ്ത്രം എന്നിവയെക്കുറിച്ചുള്ള തിരഞ്ഞെടുത്ത പുസ്തകങ്ങൾ.

ഈ പഠനകേന്ദ്രം ഉപയോഗിക്കാൻ താത്പര്യമുള്ളവർക്ക് കുറെ ദിവസം ഇവിടെ താമസിക്കാൻ വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളുമുണ്ട് – പ്രശാന്തവും മനോഹരവുമായ ആറ് ഏക്കർ പരിസരം, ലളിതമായ മുറികൾ, സസ്യാഹാരം തുടങ്ങിയവ.

വസന്തവിഹാർ നിങ്ങളെ സ്വാഗതം ചെയ്യുന്നു. വിശദവിവരങ്ങൾക്ക് ഈ പുറത്തിന്റെ ഒടുവിൽ കാണുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക.



*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*